കേരള കാർഷിക സർവ്വകലാശാല

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം

കേളപ്പജി കോളേജ് ഓഫ് അഗ്രി. എൻജിനീയറിംഗ് ആന്റ് ടെക്നോളജി, തവനൂർ

Ph: 0494-2686986 Website:www.kau.edu. E-mail: edtavanur@kau.in

# ദർഘാസ് പരസ്യം: നമ്പർ 05/2017-18

കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർക്കു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്ത അംഗീകൃത കരാറുകാരിൽ നിന്ന് പേരെഴുതി മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പ | പ്രവൃത്തിയുടെ പേര് | ഏകദേശ അടങ്കൽ തുക (രൂപ) | നിരത ദ്രവ്യം (രൂപ) (2.5%) | കാലാവധ | ദർഘാസ് വില + 12% വിൽപ്പന നികുതി ഉൾപ്പെടെ (രൂപ) |
|---|---|---|---|---|---|
| 1 | ആർ എ ആർ എസ് പട്ടാമ്പിയിലെ പയർവർഗ്ഗത്തിന്റെയും വിത്തുസംഭരണ ശാലയുടെയും വിത്തുണക്കുന്ന മുറ്റത്തിന്റെയും നവീകരണ പ്രവൃത്തികൾ | 8,90,285 | 22,300 | 6മാസം | 2000 |
| 2 | ആർ എ ആർ എസ് ് പട്ടാമ്പിയിൽ മെതിക്കളം കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തികൾ | 9,91,343 | 24,800 | 6മാസം | 2230 |
| 3 | ആർ എ ആർ എസ് പന്നിയൂരിൽ നിലവിലുള്ള കുളത്തിന്റെ ആഴവും വീതിയുംകൂട്ടൽ (പുനർ ദർഘാസ്) | 25,23,649 | 63,100 | 14മാസം | 2800 |

കരാറുകാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യത : അടങ്കൽ തുക 6 ലക്ഷം രൂപ വരെ 'ഡി' ക്ലാസും കൂടുതലും
അടങ്കൽ തുക 50 ലക്ഷം രൂപ വരെ 'സി' ക്ലാസും കൂടുതലും

**പി.ഡബ്ലിയു.ഡി./ഇറിഗേഷനിൽ രജിസ്ട്രർ ചെയ്ത കരാറുകാരായിരിക്കേണ്ടതാണ്.**

**ബി, സി ക്ലാസുകളിൽ മാററം വരുത്തിയ കരാറുകാർക്ക് അതാതനുസരിച്ചുള്ള ടെൻഡറുകളിൽ പങ്കെടുക്കാവുന്നതും ആയതിന്റെ ബാക്കി ഡെപ്പോസിററ് തുക അടച്ചതിന്റെയും മറ്റു രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതുമാണ്.**

| ദർഘാസ് സ്വീകരിക്കുന്ന തീയതി | ദർഘാസ് തുറക്കുന്ന സമയം |
|---|---|
| 31/ 03/2018 പകൽ 3.00 വരെ | 31/03/2018 പകൽ 3.30 മണി |

ടെൻഡർ ഫോമും ടെൻഡർ ഷെഡ്യൂളും റേറ്റ് രേഖപ്പെടുത്തേണ്ട ഷീറ്റും കരാറുകാർക്ക് കേരള കാർഷിക സർവ്വകലാശാലയുടെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു എടുക്കാവുന്നതും പൂരിപ്പിച്ച ടെൻഡർ ആവശ്യമായ മറ്റു രേഖകൾ സഹിതം ഇന്ത്യൻ തപാൽ സർവീസിൻെറ രജിസ്റ്റേഡ് തപാലിലോ/സ്പീഡ് പോസ്റ്റിലോ സമർപ്പിക്കേണ്ടതാണ്.

ടെൻഡർ ഫോമിന്റെ നിശ്ചിത വില എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എസ് ബി ഐ കുററിപ്പുറം ബ്രാഞ്ചിൽ മാറാവുന്ന വിധം ബാങ്ക് ഡിമാന്റ് ഡ്രാഫ്റ്റായി ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ടെൻഡർ ഫോമിന്റെ വില പണമായോ ചെക്കായോ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ടെൻഡർ ഫോമും മറ്റു അനുബന്ധരേഖകളും ടെൻഡർ ഫോമിന്റെ വിലയായ നിശ്ചിത തുകയ്ക്കുള്ള ഡ്രാഫ്റ്റും നിരത ദ്രവ്യവും കരാറുകാരന്റെ ലൈസൻസിന്റെ ഫോട്ടോ കോപ്പിയും, അതിനോടൊപ്പം ജി.എസ്.ടി രജിസ്ട്രെഷൻ സർട്ടിഫിക്കറ്റും (കാലാവധി കാണിക്കുന്ന പേജ് അടക്കം) ഇന്ത്യൻ തപാൽ സർവീസിന്റെ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് വഴി മേൽ കാണിച്ച നിശ്ചിത സമയത്തിനുള്ളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എ.യു. എൻജിനീയറിംഗ് ഡിവിഷൻ, പി.ഒ, തവനൂർ, മലപ്പുറം , പിൻ കോഡ് –679573 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ടെൻഡർ അടക്കം ചെയ്ത കവറിനു മുകളിൽ കരാറുകാരന്റെ പൂർണ്ണ മേൽവിലാസവും പണിയുടെ പേരും, ക്രമ നമ്പറും കാണിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. ടെൻഡർ അടക്കം ചെയ്ത കവറിനു മുകളിൽ കരാറുകാരന്റെ മേൽ വിലാസം, പണിയുടെ പേര് എന്നിവ രേഖപ്പെടുത്താത്തതും നിശ്ചിത സമയത്തിനുള്ളിൽ മേൽപ്പറഞ്ഞ വിലാസത്തിൽ ലഭിക്കാത്തതുമായ ടെൻഡറുകൾ ഉടനടി നിരസിക്കുന്നതാണ്.

ദർഘാസുകൾക്കൊപ്പം നിരതദ്രവ്യമായി ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ്, ഇന്ദിര / കിസാൻ വികാസ് പത്ര എന്നിവ സ്വീകരിക്കുന്നതല്ല. ദർഘാസുകളോടൊപ്പം 200/ രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്. കേരള പി.ഡബ്ലിയു.ഡി.യിലേയും കാർഷിക സർവ്വകലാശാലയിലേയും എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും

ദർഘാസ് പ്രമാണങ്ങൾ ടെൻഡർ ദിവസത്തിന് 5 ദിവസം മുൻപ് മുതൽ കെ.എ.യു വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

(ഒപ്പ്)

തീയതി: 24/03/2018

No. EE:120/2018

അജിത കെ വി
എക്സിക്യൂട്ടീവ് എഞ്ചിനീയർ
(ബഹു. വൈസ് ചാൻസിലർക്കുവേണ്ടി)